## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

(ഹാജർ: വി.എസ്.ആശാദേവി)

വിഷയം: പൊതുവിദ്യാഭ്യാസം-ജീവനക്കാര്യം- ഫെയർകോപ്പി സൂപ്രണ്ട് സ്ഥാനക്കയറ്റ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ജി.ഒ.(പി)നം. 7/16/ഫിൻ. തീയതി. 20.01.2016

2. സർക്കുലർ നം.79/2016(24)/ഫിൻ തീയതി. 27.09.2019.

3. ഈ ആഫീസിലെ 14/09/2020 ലെ ഇതേ നം ഉത്തരവ്

4. ഈ ആഫീസിലെ 21/10/2020 ലെ ഇതേ നം ഉത്തരവ്

5. ഈ ആഫീസിലെ 04/01/2021 ലെ ഇതേ നം ഉത്തരവ്

6.16/04/2021 ലെ ശ്രീമതി.സീമ.എസ് -ന്റെ അപേക്ഷ

7.07/05/2021 ലെ ശ്രീ.അബ്ദു.കെ.വി.ടി -യുടെ അപേക്ഷ

### ഉത്തരവ് നമ്പർ സി3/10015/2020/ഡി.ജി.ഇ തീയതി. 23/06/2021

പരാമർശം(3) പരാമർശം (4) ഉത്തരവ് പ്രകാരം ടൈപ്പിസ്റ്റ് സെലക്ഷൻ ഗ്രേഡ് തസ്തികയിൽ സീനിയർ ആയ ശ്രീമതി.സീമ.എസ്,ശ്രീ.അബ്ദു.കെ.വി.ടി എന്നിവർക്ക് ഫെയർകേപ്പി സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം ഒരു വർഷത്തേയ്ക്ക് പരിത്യജിക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു.ഇപ്പോൾ പരാമർശം(6) പരാമർശം (7) പ്രകാരം ആയത് റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടി ജീവനക്കാർ അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.സീമ.എസ് ,ശ്രീ.അബ്ദു.കെ.വി.ടി എന്നിവർ ഫെയർകേപ്പി സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം ഒരു വർഷത്തേയ്ക്ക് പരിത്യജിക്കുന്നതിന് അനുമതി നൽകിയ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

മേൽ സാഹചര്യത്തിൽ താഴെ പറയുന്ന സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരെ 1958 ലെ കെ.എസ്.&എസ്.ആർ ഭാഗം 2 ചട്ടം 31(എ)1 പ്രകാരം സ്ഥാനക്കയറ്റം നൽകി 43400 -91200 രൂപ ശമ്പള സ്കെയിലിൽ ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | റാങ്ക് നം | പേര് & കാര്യാലയം | ജനന തീയതി | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം | ഒഴിവിന്റെ സ്വഭാവം |
|---|---|---|---|---|---|
| 1. | 167 86-97 | സീമ.എസ് പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം | 24/05/1974 | വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം ,തിരുവനന്തപുരം | ശ്രീമതി.എ.ലത വിരമിച്ച ഒഴിവ് |
| 2. | 176 86-97 | അബ്ദു.കെ.വി.ടി ജില്ലാവിദ്യാഭ്യാസ ആഫീസ്, തളിപ്പറമ്പ(നോർത്ത്) | 23/04/1966 | വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, ആലപ്പുഴ | ശ്രീമതി.റീത്ത ആനി.എം.ജെ വിരമിച്ച ഒഴിവ് |
| 3. | 188 86-97 | ശ്രീകല.റ്റി.എൻ ജില്ലാവിദ്യാഭ്യാസ ആഫീസ്, വയനാട് | 18/03/1967 | വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, കൊല്ലം | ശ്രീമതി. സുലേഖബീഗം.വൈ വിരമിച്ച ഒഴിവ് |

സ്ഥാനക്കയറ്റം ലഭിച്ച ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർ പുതിയ തസ്തികയിൽ പ്രവേശിച്ച് തുടർച്ചയായ ഒരു വർഷത്തെ നിരീക്ഷണകാലം പൂർത്തിയാക്കേണ്ടതാണ്.

സ്ഥാനക്കയറ്റ ഉത്തരവ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.വ്യക്തിഗത ഉത്തരവുകൾ അയക്കുന്നതല്ല.ടി ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് അതാത് കാര്യാലയങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നതിനും വിടുതൽ ചെയ്യുന്നതിനും ഉപയോഗിക്കേണ്ടതാണ്.

**ആശാ ദേവി വി.എസ്, പെൻ-101454,**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,**
**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം**

സ്വീകർത്താവ്:

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ ( സി.എ മുഖേന)
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ (സി.എ. മുഖേന)
3. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
4. സൂപ്രണ്ട് 'സീനിയോറിറ്റി','ആർ' സെക്ഷൻ
5. എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ് ചെയർമാൻ, കൈറ്റ്, തിരുവനന്ത പുരം
6. ഓഫീസ് കോപ്പി / കരുതൽ ഫയൽ.